പരിമിതികൂടി പരിഗണിക്കേണ്ടതുണ്ട്. എന്നിരുന്നാലും കേരളാ സ്പോർട്സ് കൗൺസിൽ നവംബർ 22-ാം തീയതി ഒളിംപിക്സിൽ പങ്കെടുത്ത കേരളീയ കായികതാരങ്ങളെ ക്ഷണിച്ചുവരുത്തി ബഹുമാനപ്പെട്ട സ്പീക്കറുടേയും എന്റേയും തിരുവനന്തപുരം മേയറുടേയും സാന്നിദ്ധ്യത്തിൽ പാരിതോഷികങ്ങൾ നൽകുകയുണ്ടായി. ബോബി അലോഷ്യസിനെ ടീമിൽ ഉൾപ്പെടുത്താതിരുന്നതിനെ അർഹിക്കുന്ന ഗൗരവത്തിൽതന്നെ ഞാൻ അന്നത്തെ കേന്ദ്ര സ്പോർട്സ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഒളിംപിക്സ് അസോസിയേഷന്റെ ശ്രദ്ധയിലും കൊണ്ടുവരികയുണ്ടായി. മനോജ്‌ലാൽ, അനിൽകുമാർ, മഞ്ജിമാ കുര്യാക്കോസ് എന്നിവരെ പങ്കെടുപ്പിക്കാത്തതിനെ സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് ആൾ ഇന്ത്യാ അമച്വർ അത്‌ലറ്റിക്സ് ഫെഡറേഷനാണ്. സംസ്ഥാന സർക്കാരിന് അക്കാര്യത്തിൽ ഇടപെടാനുള്ള സംവിധാനം പരിമിതമാണ്. ഒളിംപിക്സ് ഉൾപ്പെടെയുള്ള അന്തർദേശീയ കായികമൽസരങ്ങളിൽ പങ്കെടുക്കാൻ നമ്മുടെ സംസ്ഥാനത്തെ കായികതാരങ്ങൾക്ക് മെച്ചപ്പെട്ട പ്രോൽസാഹനവും പരിശീലനവും നൽകുന്നുണ്ട്. സബ്മിഷനിൽ പറഞ്ഞിരിക്കുന്ന എല്ലാ താരങ്ങൾക്കും പ്രോൽസാഹനവും അവസരങ്ങളും നൽകണം എന്ന കാര്യത്തിൽ ഗവൺമെന്റിനും താൽപ്പര്യമുണ്ട്. അക്കാര്യം ഭാവിയിൽ പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ : എന്തായാലും ഇത് കൊണ്ടുവന്നത് നന്നായി.

(12) **കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി ആരംഭിക്കണമെന്നും ഷെഡ്യൂൾ ക്യാൻസലേഷൻ ഒഴിവാക്കണമെന്നുമുള്ള ആവശ്യങ്ങൾ**

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, സംസ്ഥാനത്ത് ഏറ്റവുമധികം യാത്രാക്ലേശം അനുഭവപ്പെടുന്ന ഒരു മേഖലയാണ് കാസർഗോഡ്. 1970-ൽ കാസർഗോഡ് ടൗണിന്റെ ഹൃദയഭാഗത്ത് 3.40 ഏക്കർ സ്വകാര്യഭൂമി ഗവൺമെന്റ് ഏറ്റെടുത്തു 14 ഷെഡ്യൂളുകളോടുകൂടി പ്രവർത്തനമാരാംഭിച്ച സ്ഥാപനമാണ് കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോ. ഇന്ന് 101-ഓളം ഷെഡ്യൂളുകൾ പ്രവർത്തിക്കുന്നുണ്ട് എങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പുരോഗതി ഇന്നുവരെ ഉണ്ടായിട്ടില്ല. ജീവനക്കാർക്കും യാത്രാക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ പോലും നിർവ്വഹിക്കുവാൻ സൗകര്യമില്ലാത്ത ഡിപ്പോയാണ് കാസർഗോഡ് ഡിപ്പോ. 30 വർഷത്തിനുശേഷവും ഏറ്റെടുത്ത സ്ഥലത്തുണ്ടായിരുന്ന പഴയ കെട്ടിടങ്ങളിലും മറ്റുമാണ് ട്രാൻസ്പോർട്ട് ഓഫീസ് ഇന്നും പ്രവർത്തിച്ചുവരുന്നത്. 1996 ഡിസംബർ 8-ന് കെ. എസ്.ആർ.ടി.സി. ഡിപ്പോ കം ഷോപ്പിംഗ് കോപ്ലക്സിന് അന്നത്തെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ശിലാസ്ഥാപനം നടത്തി, ഇപ്പോൾ നാലുവർഷം കഴിഞ്ഞിരിക്കുകയാണ്. ഇന്നും അതിന്റെ പണി ആരംഭിക്കാതെ കിടക്കുകയാണ്. ഒന്നര വർഷംമുൻപ് പഴയ വാടകകെട്ടിടത്തിൽ ഉണ്ടായിരുന്ന വ്യാപാരികളെ ഒഴിപ്പിച്ചതിനാൽ, കിട്ടിക്കൊണ്ടിരുന്ന വാടകവരുമാനം പോലും ഇന്ന് സ്ഥാപനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെട്ടിരിക്കുകയാണ്. നിയമസഭാ സമിതിയും മലിനീകരണ നിയന്ത്രണ ബോർഡും പൊളിച്ചുനീക്കാൻ പറഞ്ഞ 3 കക്കൂസുകളാണ് ഡിപ്പോയിലെ 650-ഓളം ജീവനക്കാരും യാത്രക്കാരും ഇപ്പോഴും ഉപയോഗിച്ചു വരുന്നത്. പൊട്ടി ഒഴുകുന്ന സേഫ്റ്റി ടാങ്ക് പ്രസ്തുത പ്രദേശമാകെ ദുർഗന്ധം പരത്തുകയാണ്. 20% ഡീസൽ ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി ഏകദേശം 26-ഓളം ഷെഡ്യൂളുകളാണ് ഇന്ന് നിർത്തൽ ചെയ്തിരിക്കുന്നത്. അടിയന്തിരമായും പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം തന്നെ നിർത്തൽ ചെയ്ത മുഴുവൻ ബസ് സർവ്വീസുകളും ഉടനെ ആരംഭിക്കണം. ഏറ്റവും അധികം അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ഉള്ള, ഏറ്റവും നല്ല വരുമാനമുള്ള ഡിപ്പോയാണിത്. അതുകൊണ്ട് കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കണമെന്നും ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, കാസർഗോഡ് ഷോപ്പിംഗ് കോംപ്ലക്സിന്റെ രൂപരേഖ 30-5-1998-ൽ കൂടിയ ബോർഡ് 70/98-ാം നമ്പർ അജണ്ടയായി അംഗീകരിച്ചിട്ടുണ്ട്. കേരളാ ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷനെയാണ് ഇതിന്റെ വിശദമായ പ്ലാൻ തയ്യാറാക്കുന്നതിനായി ഏൽപ്പിച്ചിരിക്കുന്നത്. ഇതിന്റെ പ്ലാൻ തയ്യാറാക്കി അംഗീകാരത്തിനായി കാസർഗോഡ് ഡവലപ്മെന്റ് അതോറിറ്റിക്ക് 1999 മാർച്ചിൽ സമർപ്പിച്ചിരുന്നു. നിയമാനുസരണമുള്ള സെറ്റ് ബാക്ക് ഇല്ലാത്തതു കൊണ്ടും, വിശദമായ മലിനജല നിർഗ്ഗമന മാർഗ്ഗങ്ങൾ കാണിച്ചിട്ടില്ലാത്തതു കൊണ്ടും 30-3-1999-ൽ അതോറിറ്റി പ്ലാൻ തിരിച്ചയച്ചു. ഇതിനനുസരിച്ച് പുതുക്കിയ പ്ലാൻ വീണ്ടും 1-3-2000-ൽ കാസർഗോഡ് മുനിസിപ്പാലിറ്റിയുടെ അംഗീകാരത്തിനായി കാസർഗോഡ് ഡി.ടി.ഒ. സമർപ്പിച്ചു. ഇതിന് 10-7-2000-ൽ അംഗീകാരം ലഭിച്ചു. തുടർന്ന് കെട്ടിടത്തിന്റെ അസ്ഥിവാരം നിർണ്ണയിക്കുന്നതിന് ആവശ്യമായ സോയിൽ ഇൻവേസ്റ്റിഗേഷൻ നടത്തുന്നതിന് തിരുവനന്തപുരത്തെ എൽ.ബി.എസ്. സെന്ററിനെ ചുമതലപ്പെടുത്തി. പ്രസ്തുത സ്ഥാപനം 20-7-2000-ത്തിൽ പഠനറിപ്പോർട്ട് തന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുവേണ്ടി കെ.എൽ.ഡി.സി. യെ 17-8-2000-ത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ജോലികൾ അവസാന ഘട്ടത്തിലാണ്. ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന പ്ലാൻ അനുസരിച്ച് മൂന്നു നിലകളിലായി 8709 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു കെട്ടിടമാണ് വിഭാവന ചെയ്തിരിക്കുന്നത്. ഒന്നാം നിലയിൽ കടകളും, വെയിറ്റിംഗ് ഷെഡും, കെ.എസ്.ആർ.ടി.സി ഓഫീസുമാണ് ഉദ്ദേശിക്കുന്നത്. രണ്ടാം നിലയിൽ ഓഫീസും ക്യാന്റീനും ജീവനക്കാരുടെ വിശ്രമമുറികളുമാണ്. മൂന്നാം നിലയിൽ വാണിജ്യാടിസ്ഥാനത്തിൽ ഓഫീസുകൾക്കായി മാറ്റിവച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ ഉദ്ദേശ എസ്റ്റിമേറ്റ് തുക അഞ്ചര കോടി രൂപയാണ്. വിശദമായ എസ്റ്റിമേറ്റും ഡിസൈനും കിട്ടിയാൽ ഉടൻതന്നെ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ സർക്കാർ നിലവിൽവരുമ്പോൾ കാസർഗോഡ് സബ് ഡിപ്പോയിൽനിന്നും 44

LIBRARY ARCHIVES Kerala Legislative Assembly

ഷെഡ്യൂളുകളാണ് സർവ്വീസുകൾ നടത്തിയിരുന്നത്. ഇപ്പോൾ 99 ഷെഡ്യൂളുകളായി വർദ്ധിച്ചിട്ടുണ്ട്. ഇതിന്റെ 75% ഷെഡ്യൂളുകൾ ശരാശരി സർവ്വീസ് നടത്തുന്നുണ്ട്. ഇതിൽതന്നെ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ 10 അന്തർ സംസ്ഥാന സർവ്വീസുകളും കൊന്നക്കാട്-കാസർഗോഡ് -മണിപാൽ, കാസർഗോഡ്-സുബ്രമണ്യ എന്നീ റൂട്ടുകളിൽ ഓരോന്നുവീതവും കാസർഗോഡ്-പുത്തൂർ, കാസർഗോഡ്-സുള്ള്യ എന്നീ റൂട്ടുകളിൽ 5 വീതവും, കാസർഗോഡ്-ബാംഗ്ളൂർ റൂട്ടുകളിൽ 4 സർവ്വീസുകളും, കാസർഗോഡ്-മെർക്കാറോ റൂട്ടിൽ ഒരെണ്ണവും പുതുതായി തുടങ്ങിയിട്ടുണ്ട്. 1-7-1999 മുതൽ കാസർഗോഡ് സബ് ഡിപ്പോ പൂർണ്ണമായും ഡിപ്പോയായി ഉയർത്തിയിട്ടുണ്ട്. ചിലപ്പോൾ വാഹനങ്ങളുടെ കുറവുകാരണം വരുമാനം കുറവുള്ള ചില സർവ്വീസുകൾ തൽക്കാലത്തേയ്ക്ക് നിർത്തിവച്ചിട്ടുണ്ട്. ഡീസൽ 20% കുറയ്ക്കാൻ തീരുമാനിച്ചു എന്നുള്ള വിവരം ശരിയാണ് എന്ന് എനിക്ക് തോന്നുന്നില്ല.

V റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രിക്കു വേണ്ടി ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിനാലാമത് റിപ്പോർട്ട് ഞാൻ മുഖ്യമന്ത്രിക്കു വേണ്ടി സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട്

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട്

ശ്രീ. പി. സി. ജോർജ് : ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(4) പിന്നോക്ക സമുദായക്ഷേമ സമിതിയുടെ ഇരുപത് മുതൽ ഇരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. യു. എസ്. ശശി : സർ, പിന്നോക്ക സമുദായ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. കടകംപള്ളി സുരേന്ദ്രനു വേണ്ടി കമ്മിറ്റിയംഗമായ ഞാൻ സമിതിയുടെ ഇരുപത് മുതൽ ഇരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly